## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1685** **04.12.2018-ൽ മറുപടിയ്ക്ക്**

### ലൈഫ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.കെ.ശശീന്ദ്രൻ** | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) |
| ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി തോട്ടം തൊഴിലാളികൾക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | ഉണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ വന്നിട്ടുള്ള തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി വരുന്നു. പട്ടികയിൽ വന്ന ഭൂരഹിതരായ ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിച്ച് ഭവനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പട്ടികയിൽ ഇല്ലാത്ത അർഹരായ തോട്ടം തൊഴിലാളികളായ ഗുണഭോക്താക്കൾക്ക് തോട്ടം ഉടമകളുടെ സഹകരണത്തോടെ ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട് 23.10.2018 ന് ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിമാരുടെ യോഗം കൂടി. സ്വന്തമായി വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് വച്ച് നൽകുന്നതിന് തൊഴിൽ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുന്നതാണ്. കൂടാതെ 23.10.2018 ന് തോട്ടം ഉടമ പ്രതിനിധികളുടെ യോഗം കൂടുകയും തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതി (ലൈഫ്) നടപ്പിലാക്കുന്നതിന് തോട്ടം ഉടമകൾ സ്ഥലവും വീട്ടും നിർമ്മിക്കുന്നതിനുള്ള ചെലവിന്റെ 50% നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ